മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 26

## വാർത്താക്കുറിപ്പ്

---

## ജാഗ്രതാ സമിതികളുടെ ശാക്തീകരം അനിവാര്യം- ശിൽപ്പശാല

സ്ത്രീസുരക്ഷയും സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ജാഗ്രതാ സമിതികളെ കൂടുതൽ ശാക്തീകരിക്കേണ്ടത് അനിവാര്യമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ശിൽപ്പശാലയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ (ഐ.യു.സി.എസ്.എസ്.ആർ.ഇ) സംഘടിപ്പിച്ച ജാഗ്രതാ സമിതികളെക്കുറിച്ചുള്ള ശിൽപ്പശാലയിൽ അയ്മനം, ആർപ്പൂക്കര അതിരമ്പുഴ പഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

ജാഗ്രതാ സമിതി സംവിധാനം വിജയകരമായി നടപ്പാക്കിയ കുമളി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡൻറ് എം.എസ്. വാസു ആമുഖ പ്രഭാഷണം നടത്തി. ജാഗ്രതാ സമിതികൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്ക് കടിഞ്ഞാണിടാനുള്ള ശക്തമായ സംവിധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

മദ്യപാനം, ലഹരി ഉപയോഗം, അന്ധവിശ്വാസം തുടങ്ങിയ പ്രവണതകളിൽനിന്ന് സ്ത്രീകളെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുന്നതിൽ ജാഗ്രതാ സമിതികളുടെ ഉത്തരവാദിത്വം വലുതാണ്. ഈ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ സജീവമായ ഇടപെടൽ വേണ്ടതുണ്ടെന്നും വാസു കൂട്ടിച്ചേർത്തു.

സ്ത്രീകൾക്കെതിരെ അതിക്രമ സംഭവങ്ങളിൽ നിയമ നടപടികൾക്കായി യഥാസമയം ഇടപെടാൻ കഴിയാത്തതും അതിനു തയ്യാറാകുന്നവരെ സമൂഹികമായി ഒറ്റപ്പെടുത്തുന്നതും ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് വെല്ലുവിളിയാണെന്ന് ശിൽപ്പശാലയിൽ അദ്ധ്യക്ഷത വഹിച്ച സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് മേധാവി ഡോ. പി.എം. ആരതി ചൂണ്ടിക്കാട്ടി.

ജാഗ്രതാ സമിതികളുടെയും ഹരിത കർമ്മ സേനാംഗങ്ങളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് ബോധവത്കരണ പ്രവർത്തനങ്ങളിൽ സർവ്വകലാശാലയുടെ സഹകരണവും വേണ്ടതുണ്ടെന്ന് പഞ്ചായത്തു പ്രസിഡൻറുമാരും ഐ.സി.ഡി.എസ് സൂപ്പർവൈസർമാരും ആവശ്യപ്പെട്ടു.

കൺവെർജെൻസ് അക്കാഡെമിയ കോംപ്ലക്സിൽ നടന്ന ശിൽപ്പശാലയിൽ ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ ഡോ. കെ.എം. സീതി, സബിതാ പ്രേംജി, ബിജു വലിയമല, സൗമ്യ, എലിസബത്ത് എബ്രഹാം തുടങ്ങിയവരും സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ജാഗ്രതാ സമിതികളെക്കുറിച്ച് സംഘടിപ്പിച്ച ശിൽപ്പശാലയിൽ എം.എസ്. വാസു സംസാരിക്കുന്നു.

(പി.ആർ.ഒ./39/15 24/2022)

## മാനസികാരോഗ്യ ദിനം ആചരിച്ചു

ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി എം.ജി. സർവകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് കെ. അനിൽ കുമാർ ബോധവത്കരണ ക്ലാസ് നയിച്ചു. പരിപാടിയോടനുബന്ധിച്ച് വിവിധ മത്സരങ്ങളും നടന്നു.

(പി.ആർ.ഒ./39/15 25/2022)

## ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ യോഗ ആൻറ് നാച്ചുറോപ്പതിയുടെ പി. ജി. ഡിപ്ലോമ - യോഗ കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. പ്രായപരിധിയില്ല. താല്പര്യമുള്ളവർ നാളെ (ഒക്ടോബർ 28) രാവിലെ 11ന് സർവകലാശാലാ കവർജൻസ് സെൻററിലെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ : 9447569925

(പി.ആർ.ഒ./39/15 26/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റെഗുലർ, 2016-2019 അഡ്മിഷൻ സപ്ലിമെൻററി ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ പരീക്ഷ നവംബർ 14 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 27/2022)

## അപേക്ഷാ തീയതി നീട്ടി

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്.സി. എം.എൽ.ടി (2014 അഡ്മിഷൻ മുതൽ സപ്ലിമെന്ററി / 2008 മുതൽ 2013 വരെ അഡ്മിഷൻ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകളുടെ അപേക്ഷാ തീയതി നീട്ടി.

പിഴ കൂടാതെ നവംബർ 21 വരെയും പിഴയോടു കൂടി നവംബർ 22 നും സൂപ്പർഫൈനോടു കൂടി നവംബർ 23 നും അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 28/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നവംബർ 16 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.സി.എ. ബിരുദ പരീക്ഷകൾക്ക് നവംബർ മൂന്നു വരെ അപേക്ഷ നൽകാം. പിഴയോടു കൂടി നവംബർ നാലിനും സൂപ്പർ ഫൈനോടു കൂടി നവംബർ അഞ്ചിനും അപേക്ഷിക്കാം. ടൈം ടേബിളും ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

എട്ടാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ / 2017 അഡ്മിഷൻ സപ്ലിമെൻററി) / ഡി.ഡി.എം.സി.എ. (2016, 2015 അഡ്മിഷൻ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 16 ന് ആരംഭിക്കും. പിഴ കൂടാതെ നവംബർ രണ്ടു വരെയും പിഴയോടു കൂടി നവംബർ മൂന്നിനും സൂപ്പർഫൈനോടു കൂടി നവംബർ നാലിനും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 29/2022 )

## ടൈം ടേബിൾ പരിഷ്ക്കരിച്ചു

ഒക്ടോബർ 17 ന് ആരംഭിച്ച രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി/ ഇന്റലക്ചൽ ഡിസെബിലിറ്റി (2021 അഡ്മിഷൻ റഗുലർ , 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി , 2017 അഡ്മിഷൻ ഫസ്റ്റ് മെഴ്സി ചാൻസ്, 2016 അഡ്മിഷൻ സെക്കൻഡ് മെഴ്സി ചാൻസ്, 2015 അഡ്മിഷൻ തേഡ് മെഴ്സി ചാൻസ്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) ബിരുദ പരീക്ഷയോടൊപ്പം പെഡഗോജി ഓഫ് ടീച്ചിംഗ്(മലയാളം) പേപ്പർ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ചു. ഒക്ടോബർ 28 നാണ് പരീക്ഷ.

(പി.ആർ.ഒ./39/15 30/2022 )

## ഇൻറേണൽ അസ്സെസ്സ്മെൻറ് റീ-ഡു

ബി.ആർക്ക് (2011 അഡ്മിഷൻ മുതൽ) കോഴ്സിൽ അഞ്ചു വർഷ റഗുലർ പഠനം പൂർത്തിയായ വിദ്യാർഥികൾക്ക് പരാജയപ്പെട്ട തിയറി/ലാബ്/വൈവാ വോസി വിഷയങ്ങളുടെ ഇൻറേണൽ അസ്സസ്സ്മെൻറ് റീ-ഡുവിന് അപേക്ഷിക്കാൻ ഒരു അവസരം കൂടി.

അപേക്ഷ നൽകാനുള്ള അവസാന തീയതി നവംബർ 11 ആണ്. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 2205 രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 31/2022 )

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ സംസ്കൃതം ജനറൽ പ്രൈവറ്റ് രജിസ്ട്രേഷൻ (2018, 2017,2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015, 2014 അഡ്മിഷനുകൾ മേഴ്സി ചാൻസ് ഓഗസ്റ്റ് 22) പരീക്ഷയുടെ വൈവ വോസി പരീക്ഷ നവംബർ മൂന്നിന് എറണാകുളം മഹാരാജാസ് കോളേജ് സംസ്കൃതം വിഭാഗത്തിൽ നടക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 32/2022 )

## വൈവ വോസി മാറ്റി

നവംബർ നാലിന് നടത്താനിരുന്ന മൂവാറ്റുപുഴ ശ്രീ നാരായണ കോളേജ് ഓഫ് എഡ്യൂക്കേഷനിലെയും തിരുവല്ല ടൈറ്റസ് ടീച്ചേഴ്സ് കോളേജിലെയും നാലാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) വൈവ വോസി പരീക്ഷ നവംബർ 11 ലേക്ക് മാറ്റി. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/15 33/2022 )

**പബ്ലിക് റിലേഷൻസ് ഓഫീസർ**